**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 822** **31-01-2024 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി, ഇന്റർനെറ്റ്, ഗതാഗത സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി, ഇന്റർനെറ്റ്, ഗതാഗത സൗകര്യം എന്നിവയില്ലാത്തിടത്ത് ഒരു വർഷത്തിനകം ഈ സൗകര്യങ്ങൾ ലഭ്യമാക്കും എന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനങ്ങളും ഇവ എന്നത്തേയ്ക്ക് പൂർത്തികരിക്കുവാനാകും എന്നത് സംബന്ധിച്ചുമുള്ള വിശദാംശം നൽകാമോ ? | (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി, ഇന്റർനെറ്റ്, ഗതാഗത സൗകര്യം എന്നിവ ലഭ്യമാക്കുന്നതിന് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>വൈദ്യുതി</u>**<br><br>സംസ്ഥാനത്ത് വൈദ്യുതീകരിക്കാനുള്ളതായി കണക്കാക്കിയിരുന്ന ആകെ 84 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പാലക്കാട്, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലായി 9 കോളനികൾ 2022 -23 വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് കെ.എസ്.ഇ.ബി മുഖേന വൈദ്യുതീകരിച്ചിട്ടുണ്ട്.<br><br>സാധ്യമാകുന്ന എല്ലാ കോളനികളും വൈദ്യുതീകരിക്കുന്നതിന് KSEB, അനെർട്ട് എന്നിവർ മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബിയ്ക്ക് സാധ്യമാകുന്ന 19 കോളനികൾ വൈദ്യുതികരിക്കുന്നതിന് ലഭ്യമാക്കിയ 21.08 കോടി രൂപയുടെ പ്രൊപ്പോസലിൽ 20ശതമാനം തുകയായ 4.22 കോടി രൂപയുടെ പ്രൊപ്പോസൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.<br><br>എറണാകുളം, പാലക്കാട്, ഇടുക്കി, മലപ്പുറം, വയനാട് എന്നീ 5 ജില്ലകളിലെ 30 കോളനികളിലായി സോളാർ വൈദ്യുതീകരണം നടപ്പിലാക്കുന്നതിനായി ANERT 3697.50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ മലപ്പുറം ജില്ലയിലെ കരുളായി ഗ്രാമപഞ്ചായത്തിലെ മഞ്ചേരി, മുണ്ടകൊല്ലി എന്നീ രണ്ട് കോളനികളിൽ സോളാർ വൈദ്യുതികരണം പി.വി.റ്റി.ജി വിഭാഗക്കാർക്ക് വേണ്ടിയുള്ള കേന്ദ്ര സർക്കാർ പദ്ധതിയായ PM |

JANMAN പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ANERT ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബാക്കിയുള്ള കോളനികളുടെ ഫീസിബിലിറ്റി പരിശോധിച്ച് മേൽ നടപടി സ്വീകരിച്ച് വരുന്നു.

**ഇന്റർനെറ്റ്**

സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിൽ 4G കണക്ടിവിറ്റി ഇല്ലാ എന്ന് കണ്ടെത്തിയതും വനം വകുപ്പിന്റെ അനുമതി ആവശ്യമായതുമായ 164 പ്രദേശങ്ങളിൽ നിലവിൽ 158 എണ്ണത്തിൽ 4G കണക്ടിവിറ്റി ലഭ്യമാക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, ഇടമലക്കുടിയിലെ കോളനികളിൽ 430.74727 ലക്ഷം രൂപ ചെലവഴിച്ച് ഡിജിറ്റൽ കണക്ടിവിറ്റി ലഭ്യമാക്കിയിട്ടുണ്ട്.

**ഗതാഗതം**

തിരുവനന്തപുരം ജില്ലയിൽ വിതുര ഗ്രാമ പഞ്ചായത്തിലെ കളിയിക്കൽ, അമ്പൂരി ഗ്രാമ പഞ്ചായത്തിലെ പീയണിപ്പാറ, കല്ലുപാറ റോഡ് നിർമ്മാണം, വെല്ലിയിൽ റോഡ് ഇന്റർലോക്ക് എന്നീ പ്രവർത്തികൾക്ക് ഭരണാനുമതി നൽകി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു .

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്തിലെ പെരുവഴിക്കാല റോഡ് നിർമ്മാണത്തിനായി 46,99,186/- രൂപയും, രണ്ടാംമൈൽ റോഡ് നിർമ്മാണത്തിനായി 32,45,156/- രൂപയും, ചെറുകര കുന്നുംപുറം റോഡ് നിർമ്മാണത്തിനായി 44,10,548/- രൂപയും കൊച്ചരിപ്പ കോളനി റോഡ് നിർമ്മാണത്തിനായി 43,65,151/- രൂപയും അനുവദിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ കുറുമ്പൻമൂഴി പട്ടികവർഗ്ഗ കോളനിയിൽ നടപ്പാത നിർമ്മാണത്തിനായി 4,92,253/- രൂപ അനുവദിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്തിലെ അണങ്ങുംപടി നടുഭാഗം കോളനി റോഡ് നിർമ്മാണത്തിനായി 64,582/- രൂപ അനുവദിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. മടുക്ക റ്റി.ആർ.ഡി.എം. കോളനിയിലെ 26 റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിലേക്ക് വകുപ്പ് അനുവദിച്ച

3,37,400/- രൂപയുടെ പദ്ധതി കോരുത്തോട് ഗ്രാമ പഞ്ചായത്ത് മുഖേന നടപ്പിലാക്കി വരുന്നു.

ഇടുക്കി ജില്ലയിലെ അഞ്ചാംമൈൽകുടി, കൊച്ച്കൊടകല്ല് കുടി, പന്തടിക്കളം, ചെമ്പട്ടിക്കുടി ഈച്ചാംപെട്ടി, കമ്മാളംകുടി, ഇരുട്ടളക്കുടി എന്നീ കോളനികളിലെ റോഡ് നിർമ്മാണ പ്രവർത്തികൾ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. കൂടാതെ വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്തിലെ പൂച്ചപ്രകൊച്ചേരിക്കടവ് പാലം നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ പെട്ടിമുടി മുതൽ ഇഡലിപ്പാറ വരെയുള്ള 7.2 കി.മി റോഡ് നിർമ്മിക്കുന്നതിന് 13.7 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണം പുരോഗമിച്ച് വരുന്നു.

തൃശ്ശൂർ ജില്ലയിലെ അതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ അടിച്ചിത്തൊട്ടി പട്ടികവർഗ കോളനിയിൽ ATSPപദ്ധതി പ്രകാരം റോഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ തളികക്കല്ല് കോളനി പാലം അപ്രോച്ച് റോഡ് പൂർത്തീകരിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ പോത്തുകൽ ഗ്രാമപഞ്ചായത്തിലെ അപ്പൻകാപ്പ് കോളനിയിൽ പാലം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ മരവയൽ കോളനി നടപ്പാത കോൺക്രീറ്റ്, മാരൻകുന്ന് പണിയ കടച്ചിക്കുന്ന് കോളനി നടപ്പാലം, നടപ്പാത കോൺക്രീറ്റ്, സൈഡ് കെട്ട് നിർമ്മാണം എന്നീ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സുൽത്താൻ ബത്തേരി താലൂക്കിലെ മാളപ്പാടി കാട്ടുനായ്ക്ക കോളനി നടപ്പാത കോൺക്രീറ്റ്, ഓടക്കുറ്റി കോളനി, പാലമൂല കോളനി റോഡ് കോൺക്രീറ്റ് എന്നിവ അടിയ പണിയ പാക്കേജ്, കോർപ്പസ് ഫണ്ട് പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

മാനന്തവാടി താലൂക്കിലെ അടിവാരം എലിമണി നടപ്പാത ടാറിംഗ്, പന്നിപ്പാട് , മരാടി കോളനി റോഡ് ടാറിംഗ്, കുറിച്യ കോളനി റോഡ് കോൺക്രീറ്റിംഗ്, ചോയിമൂല കോളനി റോഡ് കോൺക്രീറ്റിംഗ്, എടമുണ്ട അരിമലച്ചുരുളി റോഡ് കോൺക്രീറ്റിംഗ് എന്നീ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | വെങ്ങലോട് കോളനി റോഡ് കോൺക്രീറ്റ്, സി.ആർ.എഫ് റിംഗ് എന്നീ പ്രവർത്തികൾ പുരോഗമിച്ച് വരുന്നു.<br><br>കണ്ണൂർ ജില്ലയിൽ എല്ലപ്പീടിക കോളനി മലാംപടി-റോഡ് കോൺക്രീറ്റിംഗ്, പൂളക്കുറ്റി മേലെ വെള്ളറ കോളനി നടപ്പാത കോൺക്രീറ്റിംഗ്, മുട്ടുമാറ്റി പണിയ കോളനി റോഡ് കോൺക്രീറ്റിംഗ് എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പെരുവ- കടൽക്കണ്ടം പാലം പുനർനിർമ്മാണ പ്രവർത്തിക്ക് ഭരണാനുമതി ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br><br>കാസർഗോഡ് ജില്ലയിൽ വീട്ടിയോടി ചാമുണ്ഡിക്കുന്ന്പടിഞ്ഞാറേ തുമ്പോടി എന്നീ റോഡുകൾ കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ